പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4214 | 21.07.2015 ലെ മറുപടിയ്ക്ക്

## കാർഷികരംഗം നേരിടുന്ന വെല്ലുവിളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേരളത്തിലെ കാർഷിക രംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ചുവടെ ചേർക്കുന്നു.<br>1. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വിളനാശം<br>2. കാർഷികോല്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ<br>3. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം<br>4. വ്യാവസായിക-നിർമ്മാണ മേഖലയിലെ പുരോഗതി കാർഷിക മേഖലയെ പരോക്ഷമായി ബാധിക്കുന്നു എന്നിവ<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കാലാവസ്ഥയിലുണ്ടായ വ്യതിയാനം കാർഷിക രംഗത്തെ എപ്രകാരമാണ് ബാധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) കാർഷിക പ്രവൃത്തികൾ സീസൺ അടിസ്ഥാനത്തിൽ ചെയ്തുപോരുന്നവയാണ്. വിത്ത്/നടീൽ മുതൽ വിളവെടുപ്പ് വരെ കാലാവസ്ഥയെ ആശ്രയിച്ച് നടപ്പിലാക്കുന്നതാണ്. അകാലമായുണ്ടാകുന്ന മഴ, വരൾച്ച തുടങ്ങിയവ വിളനാശത്തിന് കാരണമാകുന്നു. ഇതോടൊപ്പം അന്തരീക്ഷ താപനില, ആർദ്രത എന്നിവയിലുണ്ടാകുന്ന വ്യതിയാനം കീടരോഗാണുക്കളുടെ പെറ്റുപെരുകലിനും തദ്വാരാ വിളനാശത്തിനും കാരണമാകുന്നു. |
| (സി) കാലാവസ്ഥാ വ്യതിയാനത്തിന് അടിമപ്പെടാൻ സാധ്യതയുള്ള വിളകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) കൃഷി വകുപ്പ് മുഖേന നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ചുവടെ ചേർക്കുന്നു.

1. **കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വിളനാശം**

   കാർഷിക പ്രവൃത്തികൾ സീസൺ അടിസ്ഥാനത്തിൽ ചെയ്തുപോരുന്നവയാണ്. വിത്/നടീൽ മുതൽ വിളവെടുപ്പ് വരെ കാലാവസ്ഥയെ ആശ്രയിച്ച് നടപ്പിലാക്കുന്നതാണ്. അകാലമായുണ്ടാകുന്ന മഴ, വരൾച്ച തുടങ്ങിയവ വിളനാശത്തിന് കാരണമാകുന്നു. ഇതോടൊപ്പം അന്തരീക്ഷ താപനില, ആർദ്രത എന്നിവയിലുണ്ടാകുന്ന വ്യതിയാനം കീടരോഗാണുക്കളുടെ പെറ്റുപെരുകലിനും തദ്വാരാ വിളനാശത്തിനും കാരണമാകുന്നു.

2. **കാർഷികോല്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ**

   വിവിധ അന്താരാഷ്ട്ര ഉടമ്പടികളുടെ ഭാഗമായി മറ്റ് മേഖലകളിലെന്ന പോലെ കാർഷിക രംഗത്തും വിദേശ കമ്പനികൾ ചുവടുറപ്പിച്ചിരിക്കുകയാണ്. ഇത്തരം കരാറുകളുടെ ഭാഗമായി പല കാർഷികോല്പന്നങ്ങളും ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും വീണ്ടും ഇറക്കുമതി ചെയ്യേണ്ടി വരുന്നു. ഇവയിൽ പലതും ഗുണനിലവാരം കുറഞ്ഞതും തത്ഫലമായി ആഭ്യന്തര വിപണിയിൽ കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കപ്പെടുന്നതുമാണ്. ഈ പ്രവണത തദ്ദേശീയമായി ഉല്പാദിപ്പിക്കപ്പെടുന്ന കാർഷികോല്പന്നങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിലിന് കാരണമാകുന്നു.

3. **കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം**

   വിദ്യാഭ്യാസ നിലവാരം കൂടിയതോടെയും വ്യാവസായിക വളർച്ച കാരണവും ഉണ്ടായ വർദ്ധിച്ച തൊഴിലവസരങ്ങൾ മൂലവും പുതുതലമുറ കൂടുതലും കാർഷിക രംഗത്തെ അധ്വാന ഭാരമേറിയ ജോലികൾ ഉപേക്ഷിച്ച് മറ്റ് മേഖലകളിലേയ്ക്ക് ചേക്കേറുന്ന പ്രവണതയാണ് നിലനിൽക്കുന്നത്. ഇത് കാരണം സംസ്ഥാനത്ത് കർഷക തൊഴിലാളികളുടെ രൂക്ഷമായ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നതോടൊപ്പം വർദ്ധിച്ച കൂലിനിരക്കുമാണ് നിലവിലുള്ളത്.

4. **വ്യാവസായിക നിർമ്മാണ മേഖലയിലെ പുരോഗതി പരോക്ഷമായി കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചു**

   കൃഷിയിടങ്ങളിൽ പലതും വിവിധ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും മറ്റ് നിർമ്മാണ ആവശ്യങ്ങൾക്കുമായി മാറ്റിയിട്ടുണ്ട്. കൂടാതെ ഇവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പലതും സമീപപ്രദേശങ്ങളിലുള്ള കൃഷിയിടങ്ങളെ കൃഷിയ്ക്ക് അനുയോജ്യമല്ലാതാക്കി. കൂടാതെ പുതുതലമുറയിൽപ്പെട്ട ഭൂരിഭാഗം പേരും കാർഷിക മേഖല ഉപേക്ഷിച്ച് ഈ മേഖലകളിലേയ്ക്ക് ആകൃഷ്ടരായതും കാർഷിക രംഗത്ത് തളർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**